e- mail - gssbsukc@yahoo.co.in Phone: 0471-2192810
0471-219846

# State Banks' Staff Union (Kerala Circle)

(Affiliated to All India State Bank of India Staff Federation)
Reg. No. 01-36-2000

Circular No.12/24
To All Unit Secretaries

State Bank of India
Local Head Office
Poojappura
Thiruvananthapuram-695 012

Date 01.05.2024

## മെയ് ദിനം

ഉജ്ജ്വലമായ തൊഴിലാളി മുന്നേറ്റത്തിന്റെ സ്മരണ പുതുക്കിക്കൊണ്ടു വീണ്ടും ഒരു മെയ് ദിനം കൂടി കടന്നുവരികയാണ്. തൊഴിലാളി ചൂഷണത്തെ എതിർത്തുകൊണ്ട് അദ്ധ്വാനിക്കുന്നവന്റെ സമാനതകളില്ലാത്ത ഐക്യ നിര കെട്ടിപ്പടുത്ത കാലത്തിന്റെ ഓർമ്മകൾ എന്നും നമുക്ക് ഊർജദായകമാണ്. പതിറ്റാണ്ടുകൾക്കു മുൻപു നടന്ന ചൂഷണങ്ങൾ ഇന്നും പല രൂപത്തിലും ഭാവത്തിലും നമുക്കു ചുറ്റുമുണ്ട്.

നഷ്ടപ്പെടുവാൻ ചങ്ങലകൾ മാത്രം ഉണ്ടായിരുന്ന കാലത്തുനിന്നു മുന്നേറി മദ്ധ്യ-ഇടത്തരം ജീവിത വഴികളിൽ നല്ലൊരു വിഭാഗം അടിസ്ഥാന വർഗ്ഗവും എത്തിച്ചേർന്ന പ്പോഴും നമ്മുടെ സംഘടിത നീക്കങ്ങൾക്ക് ഇടിവു സംഭവിച്ചിട്ടില്ല എന്ന് ലോകമെമ്പാടുമുള്ള തൊഴിലാളി മുന്നേറ്റങ്ങൾ നമുക്ക് കാട്ടിത്തരുന്നുണ്ട്.തൊഴിൽ ചൂഷണങ്ങളെ പ്രതിരോധിക്കാൻ മാറിയ കാലത്തും നമുക്കു സാധിക്കുന്നു എന്നത് അഭിമാനകരം തന്നെയാണ്.

തൊഴിൽമേഖലകൾ വൈവിദ്ധ്യമാർന്നതാകുമ്പോൾ തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങളും അതുപോലെ വിപുലമാവുകയാണ്. ഗിഗ്ഗ് തൊഴിലാളികളും, ചലച്ചിത്ര പിന്നണിയിലെ തൊഴിലാളികളുമടക്കം എല്ലാ വിഭാഗം സംഘടിത അസംഘടിത മേഖലയിലെ തൊഴിലാളികളും തങ്ങൾക്കു നേരെയുള്ള ചൂഷണങ്ങൾക്കെതിരെ സംഘടിക്കുന്ന വാർത്തകൾ നാം വായിച്ചു തുടങ്ങിയിരിക്കുന്നു.

സർവ്വ രാജ്യ തൊഴിലാളികൾ നാളിതുവരെ നടത്തിയ പോരാട്ടങ്ങൾക്ക് ഐക്യദാർഢ്യവുമായി ഇന്ത്യ ഉൾപ്പെടെ ലോകമെമ്പാടും തൊഴിലാളികളുടെ ഒത്തുചേരലും ശക്തിപ്രകടനങ്ങളുമായി അന്താരാഷ്ട്ര തൊഴിലാളി ദിനാചരണം കൊണ്ടാടുന്നു.

ഇന്ത്യയിലെ തൊഴിൽ മേഖലയിൽ സമാനതകളില്ലാത്ത കടന്നു കയറ്റം നടത്താൻ ഉതകുന്ന നിർദേശങ്ങളുമായിട്ടാണ് ഭരണകൂടം മുന്നോട്ടുപോകുന്നത്. തൊഴിൽ സമരങ്ങളെപ്പോലും വിലക്കുന്ന നിലയിലേക്കാണ് കാര്യങ്ങൾ പോകുന്നത്. പൊതുമേഖല സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണ നീക്കവും, തൊഴിൽ നിയമങ്ങളിലെ പരിഷ്കാരങ്ങളുമൊക്കെ ഇതോടൊപ്പം കൂട്ടി വായിക്കണം. നവ-ഉദാര വത്ക്കരണ നയങ്ങളുടെ തുടർച്ചയായിട്ടാണ് ഈ കടന്നുകയറ്റങ്ങൾ ഉണ്ടാകുന്നത് എന്ന കാര്യം വിസ്മരിക്കരുത്.

സ്ഥിരംതൊഴിൽ എന്ന സങ്കല്പം ഇല്ലാതാക്കി കരാർ തൊഴിലാളികൾ മാത്രമുള്ള ഒരു സമൂഹം വാർത്തെടുക്കാനാണ് ഇന്നത്തെ മുതലാളിത്തം ഭരണകൂടങ്ങളുടെ ഒത്താശയോടെ ശ്രമിക്കുന്നത്. എട്ടുമണിക്കൂർ ജോലി എന്നത് ലോകമെമ്പാടും തത്വത്തിൽ അംഗീകരിച്ചിട്ടുള്ള കാര്യമാണെങ്കിലും നിശ്ചിത തൊഴിൽസമയത്തിനു ശേഷം പണിയെടുപ്പിക്കുന്നതും ചൂഷണം ചെയ്യുന്നതും ഇന്ന് സർവ്വസാധാരണമായി കൊണ്ടിരിക്കുന്നു. ഇത്തരം അനീതികൾക്കെതിരെ ശബ്ദമുയർത്തേണ്ടതും തൊഴിലാളികളുടെ സംഘടിതശക്തി നിലനിർത്തേണ്ടതും നാം ഉൾപ്പെടുന്ന തൊഴിലാളി സമൂഹത്തിന്റെ ചുമതലയാണ്.

അതോടൊപ്പം അവകാശങ്ങളും കർത്തവ്യങ്ങളും രണ്ടല്ല എന്ന ബോധം ഓരോ നിമിഷവും നമ്മൾ ഊട്ടിയുറപ്പിക്കേണ്ടതുണ്ട്. ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാത്തത് നമ്മുടെ ബാങ്കിൽ ജീവനക്കാർക്ക് അമിത സമ്മർദ്ദം സൃഷ്ടിക്കുകകയാണ്. നിശ്ചിത തൊഴിൽ സമയത്തിന് ശേഷം തൊഴിൽ എടുക്കുന്നത് വിധേയത്വം ആണെന്നും, തൊഴിലെടുപ്പിക്കുന്നത് ചൂഷണമാണെന്നും തിരിച്ചറിഞ്ഞു കൊണ്ട്, അതിനെതിരെ ശബ്ദം ഉയർത്തി കൊണ്ട്, പ്രിയ സഖാക്കളേ സംഘടിക്കുക, ശക്തരാകുക...

തൊഴിലാളിയുടെ ആത്മാഭിമാനത്തിന് വില കല്പിക്കാതെയുള്ള ഏതൊരു മുതലാളിത്ത നീക്കത്തെയും ചെറുത്തു തോൽപ്പിക്കാൻ സ്റ്റേറ്റ് ബാങ്ക്സ് സ്റ്റാഫ് യൂണിയന്റെ കീഴിൽ നമുക്ക് അണിചേരാം.

മെയ്ദിനം നീണാൾ വാഴട്ടെ...

എല്ലാ പ്രിയ സഖാക്കൾക്കും മെയ് ദിനാശംസകൾ.



( അഖിൽ എസ് )
ജനറൽ സെക്രട്ടറി